"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൊല്ലം ജില്ല - കരുനാഗപ്പള്ളി നഗരസഭ - പന്നിശ്ശേരി വായനശാല ജംഗ്ഷൻ - മുണ്ടപ്പള്ളി ജംഗ്ഷൻ റോഡ് പ്രവൃത്തി - കാലാവധിക്കുശേഷം കരാറിൽ ഏർപ്പെട്ട നടപടി സാധൂകരിച്ച് അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.163/2026/DMD    തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-
1. സ. ഉ. (സാധാ) നം. 208/2024/ഡി.എം.ഡി തീയതി, 19.02.2024
2. കൊല്ലം ജില്ലാകളക്ടറുടെ 01.11.2025 തീയതിയിലെ DCKLM/7615/2024-DM1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി നഗരസഭയിലെ പന്നിശ്ശേരി വായനശാല ജംഗ്ഷൻ - മുണ്ടപ്പള്ളി ജംഗ്ഷൻ റോഡ് പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ 2024ലെ ലോക് സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടു. മേൽ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി നഗരസഭയിലെ പന്നിശ്ശേരി വായനശാല ജംഗ്ഷൻ - മുണ്ടപ്പള്ളി ജംഗ്ഷൻ റോഡ് പുനരുദ്ധാരണ പ്രവ◌ൃത്തിയുടെ കാലാവധി കഴിഞ്ഞ് കരാറിലേർപ്പെട്ട നടപടി സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുക അനുവദിക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

ജില്ലാകളക്ടർ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/210/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by

Kumari Rekha S R

സെക്ഷൻ ഓഫീസർ

Date: 16-03-2026 10:27:32

പകർപ്പ് : ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ.-യ്ക്ക്